# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1576** **04.10.2016 - ലെ മറുപടിക്ക്**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.പി.ഉണ്ണി | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### <u>സാമ്പത്തിക പ്രതിസന്ധി</u>

<table>
<tr><td>(എ)</td><td>കഴിഞ്ഞ സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയം മൂലമുണ്ടായ കനത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;</td><td rowspan="2">അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രിച്ചതിലൂടെയും അടിയന്തിര പ്രാധാന്യമുള്ള വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000/- കോടിരൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1999 ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുന്നതിനും ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രസ്തുത സാമ്പത്തിക പ്രതിസന്ധി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;</td></tr>
<tr><td>(സി)</td><td>ഇത്തരം സാഹചര്യത്തിലും ക്ഷേമ പെൻഷനുകൾ കുടിശ്ശിക സഹിതം കൊടുത്തു തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?</td><td>സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുക എന്ന വാഗ്ദാനം പാലിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.അവതാളത്തിലായ പെൻഷൻ വിതരണം കൃത്യമാക്കാൻ സഹകരണ സ്ഥാപനങ്ങൾ മുഖേന നടത്തിയ ശ്രമം വിജയകരമായിരുന്നു.ഓണക്കാലത്ത് കുടിശ്ശിക സഹിതം പെൻഷൻ വിതരണം ചെയ്യാൻ 2415 കോടി രൂപയാണ് ( ബാങ്ക് അക്കൗണ്ടിലൂടെയുള്ളതുൾപ്പടെ) സർക്കാർ വിനിയോഗിച്ചത്. കൃത്യമായ ആസൂത്രണവും സാമ്പത്തിക മാനേജ് മെന്റും മൂലമാണ് ഇത് സാധിച്ചത്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**